CORPORATION OF THRISSUR



# e-News letter

Vol: 3, December 2016

**തൃശൂർ കോർപ്പറേഷൻ ഓട്ടിസം സെന്റർ ഉദ്ഘാടനം ചെയ്തു**

05/11/2016

തൃശൂർ കോർപ്പറേഷൻ അരണാട്ടുകര ഗവ. യു.പി. സ്ക്കൂളിൽ പണിതീർത്ത ഓട്ടിസം സെന്ററിന്റെ ഉദ്ഘാടനം വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് നിർവ്വഹിച്ചു.

മേയർ അജിത ജയരാജന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കോർപ്പറേഷൻ സെക്രട്ടറി ആർ. ലാലു പദ്ധതി വിശദീകരണം നടത്തു കയും ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി സമ്മാനദാനം നിർവ്വഹി ക്കുകയും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ കെ. സുമതി ഓട്ടിസം കുട്ടികളുടെ അധ്യാപകരെ ആദരിക്കുകയും ചെയ്തു. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ അജിത വിജയൻ, എം.എൽ. റോസി, പി. സുകുമാരൻ, വത്സല ബാബുരാജ്, കൗൺസിലർമാരായ പ്രിൻസി രാജു, സുനിത വിനോദ്, അനൂപ് ഡേവീസ് കാട, ഫ്രാൻസീസ് ചാലിശ്ശേരി എന്നിവരും വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥരായ സാം.സി.ജോൺ, ഇ. നാരായണി, ഫൽഗുനൻ, എം.കെ. ഓമന, രവി.എ.എസ്., സന്ധ്യ രാജേഷ്, ബെന്നി ജേക്കബ്.സി. എന്നിവർ ആശംസാ പ്രസംഗം നടത്തി. തുടർന്ന് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടേയും കലാപരിപാടികൾ അരങ്ങേറി.

ഒരു ലക്ഷത്തോളം ഭിന്നശേഷിക്കാരുള്ള കേരള സംസ്ഥാനത്തിൽ അവരുടെ സംരക്ഷണവും പരിപാലനവും കുടുംബത്തിന്റെ മാത്രം ഉത്തരവാദിത്തമല്ല എന്ന കാഴ്ചപ്പാടിൽ സ്വന്തമായ ഒരു ഓട്ടിസം സെന്റർ എന്ന തൃശൂർ കോർപ്പറേഷന്റെ പദ്ധതിയാണ് പ്രാവർത്തികമാകുന്നത്.

**<u>തൃശൂർ മുനിസിപ്പൽ കോർപ്പറേഷൻ</u>**

**<u>'ലാലൂർ ഇനിമുതൽ പച്ചക്കറി വിളയും ഭൂമി'</u>**

12/11/2016

വർഷങ്ങളോളം നഗരമാലിന്യത്തിന്റെ മാറാപ്പ് ചുമന്ന് മനംമടുത്ത ലാലൂരിനെ കോർപ്പറേഷന്റെ പൂമുഖമാക്കി മാറ്റണമെന്ന പുതിയ കൗൺസി ലിന്റെ തീരുമാനം യാഥാർത്ഥ്യമാക്കുന്ന ലാലൂർ സമഗ്ര കൃഷി വികസന പദ്ധതി ഞായറാഴ്ച 5 മണിക്ക് ലാലൂരിൽ മേയർ അജിത ജയരാജന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽവെച്ച് കൃഷിവകുപ്പ് മന്ത്രി അഡ്വ.വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നതാണ്. ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ അജിത വിജയൻ, ജേക്കബ് പുലിക്കോട്ടിൽ, എം.എൽ. റോസി, അഡ്വ. എം.പി. ശ്രീനിവാസൻ, എം.ആർ. റോസിലി, പി. സുകുമാരൻ, വത്സല ബാബുരാജ്, പ്രതിപക്ഷ നേതാവ് എം.കെ. മുകുന്ദൻ, കൗൺസിലർമാരായ അനൂപ് ഡേവീസ് കാട, എം.എസ്. സംപൂർണ്ണ, ഷീബ ബാബു, സി.ബി. ഗീത, ലാലി ജെയിംസ്, എ. പ്രസാദ്, ഫ്രാൻസീസ് ചാലിശ്ശേരി, രജനി വിജു, പ്രിൻസി രാജു, സുനിത വിനോദ്, സി.പി. പോളി എന്നിവർ സംസാരിക്കുന്നതാണ്.

ലാലൂരിൽ ഉപയോഗിക്കാതെ കിടക്കുന്ന ഓരോ ഇഞ്ച് സ്ഥലത്തും ചെടികൾകൊണ്ട്, പ്രത്യേകിച്ച് പച്ചക്കറിക്കൃഷി ചെയ്തുകൊണ്ട് ലാലൂരിന് കൃഷിയുടെ സംസ്ക്കാരത്തിന്റെ നന്മയും ഹരിതാഭയും പകർന്ന് നൽകാനാണ് കോർപ്പറേഷൻ ഉദ്ദേശിക്കുന്നത്. ലാലൂർ സമീപവാസികൾ, സന്നദ്ധ പ്രവർത്തകർ, സഹകരണസംഘങ്ങൾ എന്നിവരുടെ ആത്മാർത്ഥമായ സഹകരണത്തോടെ നടപ്പാക്കുന്ന ലാലൂർ സമഗ്രകൃഷി വികസന പദ്ധതിയാണ് കോർപ്പറേഷൻ ആസൂത്രണം ചെയ്തിട്ടുള്ളത്.

**തൃശൂർ കോർപ്പറേഷൻ – കൊക്കാലെ പകൽവീട് ഉദ്ഘാടനം ചൊവ്വാഴ്ച**



14/11/2016

തൃശൂർ കോർപ്പറേഷൻ ഡിവിഷൻ 39 കൊക്കാലെയിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള പകൽവീടിന്റെ ഉദ്ഘാടനം ചൊവ്വാഴ്ച വൈകീട്ട് 4 മണിക്ക് ബഹു. ഫിഷറീസ്–പരമ്പരാഗത വ്യവസായ വകുപ്പുമന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ നിർവ്വഹിക്കുന്നു. ചടങ്ങിൽ ഒല്ലൂർ എം.എൽ.എ. അഡ്വ. കെ. രാജൻ മുഖ്യാതിഥിയായിരിക്കും.

തൃശൂർ കോർപ്പറേഷൻ പ്രദേശത്തെ 56 വയസ്സുകഴിഞ്ഞവർക്ക് കൂടിച്ചേരു ന്നതിന് പൊതുവായ ഒരിടം ലഭ്യമാക്കുന്നതിനോടൊപ്പം ജീവിതത്തിന്റെ സായാഹ്നത്തിൽ വന്നുചേരുന്ന ഒറ്റപ്പെടലിൽ നിന്നും വിമുക്തി ലഭ്യമാക്കുന്നതി നുള്ള ഒരു പച്ചത്തുരുത്താണ് പകൽവീട്.

മേയർ അജിത ജയരാജന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ അസിസ്റ്റന്റ് എൻജിനീയർ വി. ബീന പദ്ധതി വിശദീകരണം നടത്തുന്നതും ഡെപ്യൂട്ടി മേയർ വർഗ്ഗീസ് കണ്ടംകുളത്തി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ അജിത വിജയൻ, ജേക്കബ് പുലിക്കോട്ടിൽ, എം.എൽ. റോസി, എം.പി. ശ്രീനിവാസൻ, എം.ആർ. റോസിലി, പി. സുകുമാരൻ, വത്സല ബാബുരാജ്, പ്രതിപക്ഷ നേതാവ് എം.കെ. മുകുന്ദൻ, കൗൺസിലർമാരായ എം.എസ്. സംപൂർണ്ണ, ഷീബ ബാബു, കോർപ്പറേഷൻ സെക്രട്ടറി ആർ. ലാലു, വനിതാ സാംസ്ക്കാരികകേന്ദ്രം സെക്രട്ടറി ജയശ്രീ, ഹെൽത്ത് ഇൻസ്പെക്ടർ ടി.കെ. മനോജ് എന്നിവർ സംസാരിക്കുന്നതാണ്.

**ഹരിതകേരളം മിഷൻ തൃശൂർ കോർപ്പറേഷൻ 39-ാം ഡിവിഷൻതല ഉദ്ഘാടനം മേയർ അജിത ജയരാജൻ നിർവ്വഹിച്ചു**



08/12/2016

ഹരിതകേരളം മിഷൻ തൃശൂർ കോർപ്പറേഷൻ 39-ാം ഡിവിഷൻ തല ഉദ്ഘാടനം കൂർക്കഞ്ചേരി ജെ.പി.ഇ.. ഹയർസെക്കന്ററി സ്ക്കൂളിൽ വെച്ച് മേയർ അജിത ജയരാജൻ നിർവ്വഹിച്ചു. ജെ.പി.ഇ.എച്.എസ്. തൃശൂർ പ്രധാന അധ്യാപിക ശ്രീമതി വൃന്ദ.പി.എസ്. സ്വാഗതം നേരുകയും ശ്രീമതി സിന്ധു എലുവത്തിങ്കൽ, ശ്രീ. വി.പി. സേവ്യർ, ശ്രീമതി ഷീബ ആന്റണി എന്നിവർ ആശംസകൾ നേർന്നുകൊണ്ട് സംസാരിക്കുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് പൗരപ്രമുഖരും കുടുംബശ്രീ പ്രവർത്തകരും അംഗൻവാടി വർക്കേഴ്സും വിദ്യാർത്ഥി കളും അധ്യാപകരും പങ്കെടുത്ത വിളംബരജാഥ സംഘടിപ്പിക്കുക യുണ്ടായി.